## പതിനാലാം കേരളനിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1748

14.08.2017-ൽ മറുപടിക്ക്

### തൃശ്ശൂർ സഹകരണ ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിലെ അതിക്രമവുമായി ബന്ധപ്പെട്ട കേസ്.

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) 2017ഏപ്രിൽ പതിനേഴിന് രാത്രി തൃശ്ശൂർ കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ അതിക്രമിച്ച് കയറി ഫയലുകളും രേഖകളും നശിപ്പിക്കാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട് കുറ്റക്കാരായവരെ കണ്ടെത്തുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;<br><br>(ബി) ഇതുമായി ബന്ധപ്പെട്ട് തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 578/17-ാം നമ്പരായി രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) & (ബി) 2017 ഏപ്രിൽ 17-ാം തീയതി തൃശ്ശൂർ കളക്ടേറ്റിലേയ്ക്ക് അതിക്രമിച്ച കയറിയതുമായി ബന്ധപ്പെട്ട് തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം.578/17 u/s. 143, 147, 448, 417 r/w 149 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിൽ അന്വേഷണം നടത്തി A1 വിൽസൺ, A2 നന്ദകമാർ, A3 ജയചന്ദ്രൻ, A4 ബിജു, A5 റാഫേൽ, A6 ഫ്രാൻസിസ്, A7 വിനയൻ, A8 സുമേഷ് എന്നീ 8 പ്രതികൾക്കെതിരെ ബഹു.തൃശ്ശൂർ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി - II ൽ, 22/07/2017 തീയതി കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ബഹു.കോടതി ആയത് CC.2064/17 ആയി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്. |
| (സി) ഈ സംഭവത്തിൽ ഉൾപ്പെട്ട കുറ്റക്കാരായ എല്ലാവരെയും തിരിച്ചറിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ഡി) എങ്കിൽ കുറ്റക്കാരെ മുഴുവൻ കണ്ടെത്തി നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) & (ഡി) ഈ കേസ്സുമായി ബന്ധപ്പെട്ട് A1 വിൽസൺ, A2 നന്ദകമാർ, A3 ജയചന്ദ്രൻ, A4 ബിജു, A5 റാഫേൽ, A6 ഫ്രാൻസിസ്, A7 വിനയൻ, A8 സുമേഷ് എന്നീ 8 പ്രതികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവരെ 22/07/2017-ാം തീയതി അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതും ഇവർക്കെതിരെ ബഹു.തൃശ്ശൂർ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി - II ൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ